**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഏറ്റുമാനൂർ നഗരസഭ – എസ്.എൻ.ഡി.പി. ശാഖ 40 – പ്രാർത്ഥനാലയം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

സ.ഉ.(ആർ.റ്റി)നം.1459/2017/തസ്വഭവ തിരുവനന്തപുരം,തീയതി:06.05.2017

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:
1. ഏറ്റുമാനൂർ നഗരസഭ സെക്രട്ടറി പുറപ്പെടുവിച്ച 22.04.2016 ലെ എ 2/3502/16 നമ്പർ സ്റ്റോപ് മെമ്മോ.
2. ശ്രീ.പി.എൻ.രവീന്ദ്രൻ, പ്രസിഡന്റ് ഏറ്റുമാനൂർ എസ്.എൻ.ഡി.പി. ശാഖ നം.40 ബഹു:സുരേഷ് കുറുപ്പ് എം.എൽ.എ. മുഖേന 29.06.2016 ൽ സമർപ്പിച്ച അപേക്ഷ.
3. ഏറ്റുമാനൂർ നഗരസഭ സെക്രട്ടറിയുടെ 20.10.2016 ലെ എ 1-12016/16 നമ്പർ കത്ത്.
4. ഏറ്റുമാനൂർ നഗരസഭാ സമിതിയുടെ 23.09.2016 ലെ 11(7) നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

ഏറ്റുമാനൂർ നഗരസഭയിലെ ഏറ്റുമാനൂർ വില്ലേജിലെ സർവ്വേ നമ്പർ 6/18, 6/7 ൽപ്പെട്ട എസ്.എൻ.ഡി.പി. യോഗത്തിന്റെ കെട്ടിടം കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ലംഘിക്കുന്നു എന്ന് കാണിച്ച് പരാമർശം (1) പ്രകാരം എസ്.എൻ.ഡി.പി. 40-ാം നമ്പർ ശാഖാ സെക്രട്ടറിയ്ക്ക് നഗരസഭ നോട്ടീസ് നൽകി.

2) ഏറ്റുമാനൂർ മുനിസിപ്പാലിറ്റിയിൽ എം.സി. റോഡ് വികസനത്തിന്റെ ഭാഗമായി ഏറ്റെടുത്തതിന് ശേഷം ശേഷിക്കുന്ന സ്ഥലത്ത് എസ്.എൻ.ഡി.പി. യോഗത്തിന് രണ്ടു നില പ്രാർത്ഥനാലയം നിർമ്മിക്കുന്നതിന് സെറ്റ് ബാക്കിന്റെ കാര്യത്തിന് പ്രത്യേക അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ഏറ്റുമാനൂർ എസ്.എൻ.ഡി.പി. ബ്രാഞ്ച് നമ്പർ 40 ശാഖാ പ്രസിഡന്റ് ശ്രീ.രവീന്ദ്രൻ പരാമർശം (2) പ്രകാരം സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

3) ഏറ്റുമാനൂർ നഗരസഭാ പരിധിയിലെ 40-ാം നമ്പർ എസ്.എൻ.ഡി.പി. ശാഖാ യോഗം വകയായി എം.സി. റോഡിന്റെ സൈഡിൽ 90 വർഷത്തോളമായി ശ്രീനാരായണ ഗുരുദേവ ഭക്തർ ആരാധിച്ച് പോന്നിരുന്ന ഗുരുമന്ദിരം ഉൾക്കൊള്ളുന്ന കെട്ടിടം കെ.എസ്.റ്റി.പി. റോഡ് വികസനത്തിനായി സർക്കാർ ഏറ്റെടുക്കുകയും ഏതാണ്ട് പൂർണ്ണമായി പൊളിച്ചുമാറ്റുകയും ചെയ്തു എന്നുള്ള വിഷയം ഏറ്റുമാനൂർ നഗരസഭാ കൗൺസിൽ ചർച്ച ചെയ്യുകയും പരാമർശം (4)ലെ യോഗ തീരുമാനത്തിൽ ഇവിടെ പ്രാർത്ഥനാലയം നിർമ്മിക്കുന്നതിനായി അനുമതി നൽകാൻ അക്ഷേപമില്ല എന്ന വിവരം സർക്കാരിലേയ്ക്ക് അറിയിക്കുന്നതിന് നഗരസഭാ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

(തുടർച്ച......2)

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഈ കേസിൽ കെ.എസ്.റ്റി.പി. രണ്ടാം ഘട്ട റോഡ് വികസനത്തിന് വേണ്ടിയാണ് എസ്.എൻ.ഡി.പി. യോഗം സ്ഥലം നൽകിയത്. റോഡ് വികസനത്തിനു വേണ്ടി നൽകിയ സ്ഥലത്തിന് പ്രത്യേകിച്ച് പൊന്നും വില നൽകിയതായി രേഖകൾ പ്രകാരം കാണുന്നില്ല. ഗുരുദേവ പ്രതിമ മാറ്റി സ്ഥാപിക്കുന്നതിനും സ്തൂപം നിർമ്മിക്കുന്നതിനുമുള്ള ചെലവിലേയ്ക്കായി 1.40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇവിടെ പ്രാർത്ഥനാലയം നിർമ്മിക്കുന്നതിന് നിർമ്മാണാനുമതി നൽകാൻ തടസ്സമില്ല എന്ന് ഏറ്റുമാനൂർ നഗരസഭ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ഒരു ആരാധനാ സ്ഥലം എന്ന നിലയിൽ ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് ഏറ്റുമാനൂർ നഗരസഭയിലെ എസ്.എൻ.ഡി.പി. 40-ാം നമ്പർ ശാഖയ്ക്ക് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ റോഡിൽ നിന്നും മൂന്ന് മീറ്റർ സെറ്റ് ബാക്ക് ലഭ്യമാക്കണം എന്ന വ്യവസ്ഥയിൽ ഇളവ് അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) ഇതു സംബന്ധിച്ച തുടർനടപടികൾ ഏറ്റുമാനൂർ നഗരസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
**ഹേമ പ്രഭ.ഡി**
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
സെക്രട്ടറി, ഏറ്റുമാനൂർ നഗരസഭ.
ശ്രീ.പി.എൻ.രവീന്ദ്രൻ, പ്രസിഡന്റ്, എസ്.എൻ.ഡി.പി. ശാഖാ നമ്പർ 40, ഏറ്റുമാനൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ